# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 297 20/06/2018 ൽ മറുപടിയ്ക്ക്**

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

ചോദ്യം
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. സി. മമ്മൂട്ടി
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ ഏതെല്ലാം വിഭാഗം സർക്കാർ ജീവനക്കാർക്കാണ് പരിശീലനം നൽകിവരുന്നത് ; | (എ) | ഐ.എ.എസ് തലം മുതൽ ക്ലാസ് 4 തലം വരെയുള്ള എല്ലാ വിഭാഗം സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകി വരുന്നു. |
| (ബി) | സർക്കാർ സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പടിപടിയായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | സ.ഉ(അച്ചടി)നം.9/2017/ഉഭപവ തീയതി 13/07/2017 പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം പടിപടിയായും മോഡ്യൂലാർ രീതിയിലും പരിശീലനപദ്ധതികൾ കരിയർ വികസന പാതയുടെ തുടക്കംമുതൽ ഒടുക്കംവരെ വികസിപ്പിക്കുന്നതാണ്. ഐ.എം.ജിയും ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളും തങ്ങൾക്ക് ഉത്തരവാദിത്വമുള്ള എല്ലാ വകുപ്പുകളിലെയും ഓരോ ജീവനക്കാരെയും കുറിച്ചുള്ള ഒരു പരിശീലനപദ്ധതി തയ്യാറാക്കും. ഒരു പൊതുനിയമം അനുസരിച്ച് ഓരോ ഓഫീസർക്കും തന്റെ കരിയറിൽ മൂന്ന് പൊതു പരിശീലനങ്ങൾ (ഉദ്യോഗക്കയറ്റത്തിന് ശേഷമുള്ള ഇൻഡക്ഷൻ പരിശീലനത്തിന് പുറമെ) ലഭിക്കണം. പ്രമേയപരമായ ഹ്രസ്വകാല പരിശീലനങ്ങൾ ഓരോ രണ്ടുവർഷത്തിലും അതിനുള്ള ശേഷിക്കുറവുണ്ടെങ്കിൽ ഓരോ മൂന്ന് |

| | | | |
|---|---|---|---|
| | | | വർഷത്തിലും നൽകുന്നതാണ്. വർഷത്തിന്റെ ആരംഭത്തിന് മുമ്പ്, മാർച്ചിനകം സ്ഥാപനം തയ്യാറാക്കുന്ന പരിശീലന കലണ്ടർ പ്രകാരം ഏത് ഓഫീസർ ഏത് പരിശീലനത്തിൽ പങ്കെടുക്കുമെന്ന് സൂചിപ്പിക്കുന്ന നടപടി ഉത്തരവ് വകുപ്പുതലവൻമാർ പുറപ്പെടുവിക്കുന്നതാണ്. പരിഷ്കരിച്ച പരിശീലനനയപ്രകാരം ഓഫീസർമാർക്ക് ശേഷിവർദ്ധനവിനും അറിവ് പുതുക്കലിനും കുറഞ്ഞത് അഞ്ച് വർഷത്തിലൊരിക്കൽ മിഡ് കരിയർ/ഇൻസർവ്വീസ് പരിശീലനം നൽകുന്നതാണ്.നിലവിൽ സർവ്വീസിൽ പുതുതായി പ്രവേശിച്ചവർക്ക് ഇൻഡക്ഷൻ ട്രെയിനിങ്ങും മറ്റുള്ളവർക്ക് റിഫ്രഷർ ട്രെയിനിങ്ങും ഐ.എം.ജി നൽകിവരുന്നു. സംസ്ഥാനത്തെ അപ്പെക്സ് പരിശീലന സ്ഥാപനമെന്ന നിലയിൽ ഐ.എം.ജി വിവിധ വകുപ്പുകൾക്ക് കീഴിലുള്ള സർക്കാർ പരിശീലനസ്ഥാപനങ്ങളിലെ പരിശീലന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തിവരുന്നു. |
| (സി) | ഈ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കണമെന്ന ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ